മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേട്ടോയെന്ന് അറിയില്ല. ഇത് സി.ടി.ഇ.-യുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-ലെ റേറ്റിൽ റോഡിന് എന്ത് സമർദ്ദമുണ്ടെങ്കിലും ടെൻഡർ എക്സസ് കൊടുക്കുകയില്ല. .....(ബഹളം)..... പാലമാണെങ്കിൽ അത് സി.ടി.ഇ. പരിശോധിച്ച് അംഗീകരിച്ചിട്ടല്ലാതെ കൊടുക്കുന്നതല്ല. റോഡ്, പാലം, കെട്ടിടം എത്ര വേണമെങ്കിലും അനുമതി കൊടുക്കുന്നുണ്ട്. പക്ഷേ ഇത്രയധികം കൊടുക്കുന്നു എന്നുള്ളതുകൊണ്ട് ചില കോൺട്രാക്ടർമാരെല്ലാം ചേർന്ന് ടെന്റർ എക്സസ് എഴുതി loot ചെയ്യുക എന്നുപറയുന്നതിനെ ഒരു കാരണവശാലും കൂട്ടുനിൽക്കുകയില്ല. എക്സസ് കൊടുക്കണമെന്നുണ്ടെങ്കിൽ സി.ടി.ഇ. പരിശോധിച്ച് അംഗീകാരം നൽകേണ്ടതുണ്ട്. ആ താമസമുണ്ടാകും.

(10) മൈലം പാലത്തിന്റെ പുനർനിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: സർ, വളരെയേറെ അടിയന്തര പ്രാധാന്യം നൽകേണ്ട ഒരു സബ്മിഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കൊട്ടാരക്കര മണ്ഡലത്തിലെ എം.സി. റോഡിൽനിന്നും പട്ടാഴി റൂട്ടിലേക്ക് പോകുന്ന മൈലം പാലം അതീവ അപകടാവസ്ഥയിലാണ്. ഇക്കഴിഞ്ഞ മഴക്കാലത്ത് ബസ്സിൽനിന്ന് ആളുകളെ ഇറക്കിയിട്ട് ബസ്സ് അപ്പുറത്തേയ്ക്ക് കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായി. ആ കാര്യങ്ങളെല്ലാം കാണിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് ഇതിന്റെ പ്രൊപ്പോസലെല്ലാം കൊടുക്കുകയും പൊതുമരാമത്തുവകുപ്പ് കൊട്ടാരക്കര സബ്-ഡിവിഷനിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഫ്ളഡ് ഡാമേജസ് ഫണ്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി എല്ലാ സ്ഥലങ്ങളിലും follow ചെയ്ത് അവസാനം പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ ചെന്നപ്പോൾ What is the urgency? എന്നൊരുതി ആ ഫയൽ മടക്കിയിട്ടുള്ളതായി മനസ്സിലാക്കുന്നു. ഇത്രയധികം ഗൗരവമുള്ള വിഷയം സംബന്ധിച്ച് തെളിവ് സഹിതം കാണിച്ചിട്ടും അത് അനുവദിച്ച് തരാതിരിക്കുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ട് ഏത് സമയത്തും ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ പൈസ മാർച്ച് മാസമായാൽ ലാപ്സായിപ്പോകും. അതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവമായെടുത്തുകൊണ്ട് ഈ പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയാനുള്ളത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, മൈലം-പട്ടാഴി റോഡിൽ പുലമൺ തോടിനുകുറുകെയുള്ള മൈലം പാലം ഏകദേശം 60 വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചതാണ്. കഴിഞ്ഞ നവംബർ മാസത്തിലുണ്ടായ കനത്ത മഴയിൽ പുലമൺതോട്ടിലെ ജലനിരപ്പ് ഉയരുകയും പാലത്തിന് ഗുരുതരമായ കേടുപാടുകൾ സംഭവിക്കുകയുമുണ്ടായി. ഇതേത്തുടർന്ന് പാലത്തിൽകൂടിയുള്ള ഭാരവാഹനങ്ങളുടെ ഗതാഗതം നിരോധിക്കാൻ തീരുമാനിച്ചു. പാലത്തിന്റെ പുനർനിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

വെള്ളപ്പൊക്ക ദുരിതാശ്വാസ നിവാരണത്തിനുള്ള 2010-11-ലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പണിക്ക് രണ്ടുകോടി പത്തുലക്ഷം രൂപയുടെ ഭരണാനുമതി നൽകണമെന്ന ശിപാർശ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള അംഗീകാരം ഉടൻ നൽകുന്നതാണ്, എന്നുപറഞ്ഞാൽ ഇന്നുതന്നെ നൽകും.

(11) ഗുരുവായൂർ മാസ്റ്റർ പ്ലാൻ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ മാസ്റ്റർ പ്ലാൻ നിർദ്ദേശങ്ങൾ വലിയ തോതിൽ ജനങ്ങളുടെ പ്രതിഷേധത്തിന് ഇടയാക്കിയിരിക്കുകയാണ്. അപ്രായോഗികവും ജനങ്ങൾക്ക് വലിയ തോതിൽ നഷ്ടവുമുണ്ടാക്കുന്ന നിർദ്ദേശങ്ങളാണ് മാസ്റ്റർ പ്ലാനിന്റെ കരട് നിർദ്ദേശങ്ങളിലുള്ളത്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ ഏതൊരു വികസന പദ്ധതിയും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഈ കാര്യത്തിൽ സമഗ്രമായ ചർച്ചകൾ നടന്നിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥർ തന്നിഷ്ടപ്രകാരം രൂപപ്പെടുത്തിയ മാസ്റ്റർ പ്ലാൻ റദ്ദുചെയ്ത് നഗരസഭയും ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് ഇപ്പോഴത്തെ വിശാല ഗുരുവായൂരിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, ഗുരുവായൂർ നഗരസഭയുടെ മാസ്റ്റർ പ്ലാൻ 1976-ൽ നിലവിൽ വന്നതാണ്. പ്രസ്തുത മാസ്റ്റർ പ്ലാനിൽ കാലോചിതമായ പരിഷ്ക്കരണം വരുത്തണമെന്ന് നഗരസഭ ആവശ്യപ്പെട്ടതനുസരിച്ച് ഒരു കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, നഗരസഭാ തലത്തിൽ പല പ്രാവശ്യം ചർച്ചകൾ നടത്തിയതിനുശേഷം മുനിസിപ്പൽ കൗൺസിൽ ആവശ്യപ്പെട്ടതുപ്രകാരം കരട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 3-12-2010-ൽ പ്രസിദ്ധീകരിച്ച പ്രസ്തുത മാസ്റ്റർ പ്ലാനിനെ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-1-2011 ആയിരുന്നു. പൊതുജനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ലഭിച്ച പരാതികളും അഭിപ്രായങ്ങളും പരിശോധിച്ചുവരികയാണ്. നഗരാസൂത്രണ നിയമമനുസരിച്ച് കരട് മാസ്റ്റർ പ്ലാനിനെക്കുറിച്ച് ലഭിക്കുന്ന അഭിപ്രായങ്ങൾ വിശദമായി പരിശോധിച്ച് മുനിസിപ്പൽ കൗൺസിലിന്റെ അഭിപ്രായങ്ങളും ടൗൺ പ്ലാനറുടെ സാങ്കേതിക ഉപദേശങ്ങളും കണക്കിലെടുത്ത് ആവശ്യമായ ഭേദഗതികൾ വരുത്തി നഗരസഭ അംഗീകരിച്ചതിനുശേഷം മാത്രമേ സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയുള്ളൂ. ഗുരുവായൂർ ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങളുടെ ആവശ്യങ്ങൾകൂടി വിശദമായി പഠിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് മാസ്റ്റർ പ്ലാൻ. സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുമുമ്പ് ഇനിയും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് അവസരമുണ്ട്. ഗുരുവായൂർ നഗരസഭയുടെ പുറക്കാട്, തൈയ്ക്കാട് എന്നീ ഗ്രാമപഞ്ചായത്തുകൾകൂടി ഇപ്പോൾ കൂട്ടിച്ചേർത്തിട്ടുണ്ട്. പുതുതായി കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങൾകൂടി ഉൾപ്പെടുത്തിയാൽ മാസ്റ്റർ പ്ലാനിൽ ഭേദഗതി ആവശ്യമായിവരും. നിലവിൽ

LIBRARY ARCHIVES Kerala Legislative Assembly